# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1437.

**11-08-2017 ൽ മറുപടിയ്ക്ക്**

## സോയിൽ ഹെൽത്ത് കാർഡ്

**ചോദ്യം**
ശ്രീ.എസ്.രാജേന്ദ്രൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മണ്ണ് പര്യവേഷണവും സംരക്ഷണവും വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവരശേഖരണം നടത്തുകയും മണ്ണിന്റെ ഘടന, രാസ ഭൗതിക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിര കാർഷിക വികസനത്തിനായുള്ള പദ്ധതികളും, വിവിധ മണ്ണുജല സംരക്ഷണ പദ്ധതികളും ശാസ്ത്രീയമായി നടപ്പിലാക്കുക എന്നതാണ് മണ്ണുപര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ.<br>വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർ ത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്തെ എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ നാഷണൽ മിഷൻ ഫോർ സസ്റ്റയിനബിൾ അഗ്രിക്കൾച്ചർ (എൻ.എം. എസ്.എ.) എന്നതിന്റെ കീഴിൽ വരുന്ന പദ്ധതിയാണ് 'സോയിൽ ഹെൽത്ത് കാർഡ്'. ഈ പദ്ധതി 2014-15-ൽ തുടക്കം കുറിച്ചു. കൃഷി വകുപ്പും മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ 2015-16, 2016-17 വർഷങ്ങളിലായി 7,05,420 മണ്ണ് പരിപോഷണ കാർഡ് വിതരണം ചെയ്യുവാൻ ലക്ഷ്യമിടുകയും ഇതുവരെ 6,16,611 സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്തിട്ടുമുണ്ട്.<br>രണ്ടാം ഘട്ടത്തിൽ (2017-18 & 2018-19) കേരളത്തിലെ എല്ലാ കൃഷിയിടങ്ങൾക്കുമുള്ള മണ്ണ് പരിപോഷണ കാർഡ് വിതരണം ചെയ്യുവാൻ |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിട്ടിട്ടുണ്ട്. ആകെ 68.3 ലക്ഷം സോയിൽ ഹെൽത്ത് കാർഡാണ് രണ്ടാം ഘട്ടത്തിൽ വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | ഉണ്ടെങ്കിൽ സോയിൽ ഹെൽത്ത് കാർഡ് ലഭിച്ച ആകെ കർഷകർ എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് ആകെ 6,16,611 സോയിൽ ഹെൽത്ത് കാർഡ് 2015-16 മുതൽ 2017 ജൂലൈ 31 വരെ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ആയത് എല്ലാ കർഷകർക്കും ലഭ്യമാക്കാനാവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സോയിൽ ഹെൽത്ത് കാർഡ് സ്കീമിന്റെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ കൃഷിയിടങ്ങൾക്കുമുള്ള സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

- വെള്ളപ്പൊക്കവും കാർഷിക വരൾച്ചയും പരമിതപ്പെടുത്തുവാനും കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് നീർത്തട അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്നു.
- ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം സംസ്ഥാനത്ത് കൃഷി നാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുമുള്ള പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ശുദ്ധജല വിതരണ പദ്ധതിയുടെയും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജല വിതരണ പദ്ധതിയുടെയും ജല സംഭരണികളുമായി ബന്ധപ്പെട്ട വൃഷ്ടി പ്രദേശത്തെ മണ്ണൊലിപ്പ് നിയന്ത്രണ വിധേയമാക്കുന്നതിലൂടെ ബന്ധപ്പെട്ട ജല സംഭരണികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- ഹരിതകേരളം മിഷന്റെ ഭാഗമായി വരൾച്ചാ ബാധിത മേഖലകളിലും, പ്രത്യേക കാർഷിക മേഖലകളിലും (special agricultural zones) സമഗ്ര വികസനത്തിനായുള്ള പ്രത്യേക പദ്ധതികളും നടപ്പിലാക്കുന്നു.
- വകുപ്പിന്റെ പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് – കേരള (IWDM-K, Chadayamangalam) ചടയമംഗലം മുഖേന വകുപ്പിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ, കർഷകർ, പൊതുജനങ്ങൾ എന്നിവർക്ക് നീർത്തട വികസനം, മണ്ണ് ജലസംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.
- ഇഗ്നോയും (IGNOU), കേന്ദ്രസർക്കാരിന്റെ ഭൂവിഭവ വകുപ്പുമായി സഹകരിച്ച് ഒരു വർഷത്തെ വാട്ടർഷെഡ് മാനേജ്മെന്റ് ഡിപ്ലോമ കോഴ്സും, ആറ് മാസത്തെ വാട്ടർ ഹാർവസ്റ്റിംഗ് & മനേജ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സും, ഒരുവർഷത്തെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമാ ഇൻ പ്ലാന്റേഷൻ മാനേജ്മെന്റ് കോഴ്സും വകുപ്പിന്റെ പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് മുഖേന നടപ്പിലാക്കുന്നു.
- കൃഷിവകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ എല്ലാ കർഷകർക്കും കൃഷിയിടങ്ങളിലെ മണ്ണിന്റെ ആരോഗ്യപരിപാലനത്തെക്കുറിച്ചുള്ള ആധികാരിക മാർഗ്ഗരേഖയായ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നു.
- കേന്ദ്ര ബഹിരാകാശ വകുപ്പും, ഡെറാഡൂണിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിമോട്ട് സെൻസിംഗും (IIRS), മണ്ണുപര്യവേക്ഷണ സംരക്ഷണ വകുപ്പും സംയുക്തമായി റിമോട്ട് സെൻസിംഗ്, ജി.ഐ.എസ്, ജി.പി.എസ് എന്നീ ആധുനിക സാങ്കേതിക

വിദ്യകളിൽ വിദൂര പഠന സംവിധാനത്തിലൂടെ വിദ്യാർത്ഥികൾക്കും, ശാസ്ത്ര ജ്ഞർക്കും, അധ്യാപകർക്കും, ജീവനക്കാർക്കും പ്രയോജനപ്പെടുന്ന രീതിയിൽ സൗ ജന്യമായി ഹ്രസ്വകാല കോഴ്സുകൾ നടപ്പിലാക്കുന്നു.

- ഹരിതകേരളം മിഷന്റെ ഭാഗമായി പഞ്ചായത്തുതല നീർത്തട ഭൂപടങ്ങൾ തയ്യാറാക്കി സൗജന്യമായി നൽകി വരുന്നു.
- സംസ്ഥാനത്ത് പഞ്ചായത്തുതലത്തിൽ വിശദമായ മണ്ണ് പര്യവേക്ഷണത്തിലൂടെ ഭൂവിഭവ വിവരശേഖരണം നടത്തി മണ്ണു പര്യവേക്ഷണ റിപ്പോർട്ടുകളും ഭൂപടങ്ങളും പ്രസിദ്ധീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ